**മാധ്യമങ്ങളുമായി വിദേശകാര്യ സെക്രട്ടറി നടത്തിയ ആദ്യ ചർച്ചയുടെ പകർപ്പ്**

ഓഗസ്റ്റ് 01, 2013

**ചോദ്യം** : അഫ്ഗാനിസ്ഥാൻ മുതല് അമേരിക്ക വരെയും ശ്രീലങ്ക മുതൽ ചൈന വരെയും ഇന്ത്യ ബഹുമുഖ വെല്ലുവിളികൾ നേരിടുന്നു എന്നു നമുക്ക് കാണുവാൻ സാധിക്കും. വിദേശകാര്യ നയങ്ങളില് നിങ്ങള് എങ്ങിനെ ആകും മുൻഗണന നൽകുന്നത് .

**വിദേശകാര്യ സെക്രട്ടറി** : നമ്മുടെ നേരിട്ടു ബന്ധപ്പെട്ട താത്പര്യങ്ങൾ ഉള്ള വളരെ തൊട്ടടുത്ത അയൽപക്കവുമായിട്ടുള്ള കാര്യങ്ങൾക്ക് ആണ് മുൻഗണന കൊടുക്കുക . നമ്മുടെ തീവ്രമായ ഇടപെടലുകൾ നടക്കുന്നതും അവിടെയാണ്. അതിനു പുറമെ , ലോകമെമ്പാടുമുള്ള നമ്മുടെ തന്ത്രപ്രധാന പങ്കാളികളുമായുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിന് പ്രാധാന്യം നല്കും. വിദേശകാര്യ മന്ത്രാലയവുമായി ചേർന്ന് ഇവിടെ തന്നെ മികച്ച രീതിയിലുള്ള പ്രവർത്തനം നടത്തണമെന്ന് ഞാന് കരുതുന്നു. മന്ത്രാലയത്തെ ശക്തിപ്പെടുത്തുന്നതിന് വേണ്ടി എന്റെ മുൻഗാമികള് നടത്തിയ ജോലികളെ അടിസ്ഥാനമാക്കി പ്രവർത്തിക്കണം. നമുക്കു നിലവിലുള്ള മാർഗങ്ങളുടെ നല്ല വശം പ്രയോഗത്തിൽ കൊണ്ടുവരികയും ഇന്ത്യയുടെ വിദേശകാര്യ നയത്തിലുള്ള എല്ലാ ബഹുഗുണ ഓഹരി ഉടമകളുടെയും ഒപ്പം പ്രവർത്തിക്കുകയും ചെയ്യുന്നതിന് ഞാൻ വളരെ അധികം പ്രാധാന്യം കൊടുക്കുന്നു.
.

**ചോദ്യം** : പാകിസ്ഥാനെ കുറിച്ച് ചില പ്രത്യേക ചോദ്യങ്ങള് ചോദിക്കാമെങ്കിൽ a) ചർച്ചകള് പുനരാരംഭിക്കുന്നതിന് പാകിസ്ഥാൻ തീയതികള് നിർദ്ദേശിക്കുകയുണ്ടായി. ഇന്ത്യയുടെ ഭാഗത്ത് നിന്നും ഒരു പ്രതികരണം എന്നു നമുക്ക് പ്രതീക്ഷിക്കാൻ സാധിയ്ക്കും? b) ഐക്യരാഷ്ട്ര സഭാ പൊതു സഭയ്ക്കൊപ്പം പാകിസ്ഥാൻ പ്രസിഡണ്ട് മിയാൻ നവാസ് ഷറീഫുമായി കൂടിക്കാഴ്ച നടത്തുവാൻ സാധിക്കുമെന്ന് പ്രധാനമന്ത്രി സിംഗ് പ്രതീക്ഷിക്കുന്നു, ചർച്ചകളുടെ ഭാഷയിൽ പാകിസ്താനും ആയിട്ടുള്ള ബന്ധത്തെ എങ്ങിനെ കാണുന്നു. അതോടൊപ്പം ക്യാപ്റ്റൻ സൌരഭ് കാലിയയുടെ കൊലപാതകികളുമായി ബന്ധപ്പെട്ടുള്ള ഒരു വീഡിയോ ഇപ്പോൾ പ്രചാരത്തില് ഉണ്ട് എന്നു അറിഞ്ഞു, അതേ സമയം മോശം കാലാവസ്ഥ കാരണം ആകാം കൊല്ലപ്പെട്ടതെന്ന് ഇന്ത്യാ സന്ദർശന സമയത്തു ശ്രീ റഹ്മാൻ മാലിക്ക് പറഞ്ഞതായും ഞങ്ങൾ കേട്ടു. ഈ വിഷയത്തെ എങ്ങിനെ എടുക്കുവാനാണ് ഇന്ത്യ ഉദ്ദേശിക്കുന്നത്??

**വിദേശകാര്യ സെക്രട്ടറി** : ഒന്ന് , പാകിസ്ഥാനുമായി സമാധാനപരമായ സഹകരണ ബന്ധങ്ങൾ വളർത്തുക എന്നതാണ് ഇന്ത്യയുടെ നയം . സ്വാഭാവികമായും ഇത് വഴി തീവ്രവാദം ഇല്ലാത്ത, അക്രമം ഇല്ലാത്ത ഒരു അന്തരീക്ഷം ഉദ്ദേശിക്കുന്നു . പാകിസ്ഥാനുമായുള്ള ചർച്ചകള് , അത് രണ്ടായിരത്തി പതിനൊന്നിൽ പുനരാരംഭിച്ചതാണ് . രണ്ടു വട്ടം ചർച്ചകള് നടക്കുകയും ചെയ്തു. അതിന്റെ തുടർച്ച കണ്ടെടുക്കാം. ഇപ്പോൾ പാകിസ്ഥാനിൽ പുതിയ ഗവൺമെന്റാണ് . പഴയ ഗവൺമെന്റുമായി ഉപേക്ഷിച്ച ചർച്ചയുടെ തുടർച്ച നമുക്ക് കണ്ടെടുക്കാം. ക്യാപ്റ്റൻ സൌരഭ് കാലിയയുമായി ബന്ധപ്പെട്ട ടെലിവിഷൻ ദൃശ്യങ്ങളെ , തുടർന്നുണ്ടായ സംഭവത്തെ കുറിച്ച് പറയുമ്പോൾ , നിങ്ങൾക്കു അറിയാം ജനീവ കൺവെൻഷനു വിരുദ്ധമായ തരത്തിൽ നമ്മുടെ സൈനികരോടുള്ള ഏത് തരത്തിലുള്ള ഇടപെടലിനെയും നമ്മൾ ശക്തമായി എതിർക്കുന്നു എന്നത് . ഈ വിഷയം എന്തു കൊണ്ട് ആവർത്തിച്ചു വരുന്നു ? അന്നത്തെ വിദേശകാര്യ മന്ത്രി ശ്രീ ജസ്വന്ത് സിംഗിന്റെയും അന്നത്തെ പാകിസ്ഥാന് വിദേശകാര്യ മന്ത്രി ശ്രീ സർതാജ് അസീസിന്റേയും കാലം മുതലേ ഈ വിഷയം ആവർത്തിച്ചു ചർച്ച ചെയ്യുകയുണ്ടായിരുന്നു . ജനീവയിലും ഈ വിഷയം ചർച്ച ചെയ്തിരുന്നു. പാകിസ്ഥാൻ ഗവൺമെന്റുമായി ഈ വിഷയം ഞങ്ങൾ തുടർച്ചയായി ചർച്ച ചെയ്തിട്ടുണ്ട് . പുതിയ ഏതെങ്കിലും വിവരം ഈ വിഷയവുമായി ബന്ധപ്പെട്ടു വന്നിട്ടുണ്ട് എങ്കിൽ ഞങ്ങള് അത് പരിശോധിച്ച ശേഷം ഈ വിഷയം എങ്ങിനെ കൈകാര്യം ചെയ്ത് മുന്നോട്ട് കൊണ്ടുപോകണം എന്നു തീരുമാനിക്കും. .

ചോദ്യം : ഇത് ഭൂട്ടാനെ കുറിച്ചാണ്. ഭൂട്ടാനുള്ള ഇന്ധന സബ്സിഡി നിർത്തലാക്കാനുള്ള ഇന്ത്യയുടെ തീരുമാനം തെരഞ്ഞെടുപ്പിനെ സ്വാധീനിക്കുവാനുള്ള പ്രധാന കാരണമായി ചില നിരീക്ഷകർക്കു തോന്നുന്നു. ഇതേക്കുറിച്ചുള്ള അവരുടെ ധാരണയെ നമ്മൾ എങ്ങിനെ കാണുന്നു? ഇപ്പോൾ സബ്സിഡി പുന:സ്ഥാപിക്കുകയും പുതിയ ഗവൺമെന്റ് അധികാരത്തില് വരികയും ചെയ്തു. ഉന്നതതല സന്ദർശനത്തിനുള്ള സാധ്യതകള് ഉണ്ടോ?

വിദേശകാര്യ സെക്രട്ടറി : നിങ്ങൾക്ക് അറിയാവുന്നത് പോലെ പരസ്പര വിശ്വാസത്തിലും ആത്മവിശ്വാസത്തിലും അടിയുറച്ച പ്രത്യേക തരത്തിലുള്ള വിശിഷ്ടമായ ഒരു ബന്ധം ആണ് ഇന്ത്യയും ഭൂട്ടാനും തമ്മിൽ ഉള്ളത് . നമുക്ക്

വിശേഷാവകാശമുള്ള പങ്കാളിത്തത്തെ ശക്തിപ്പെടുത്തുന്നത് തുടരുന്നതിനായി ഭൂട്ടാനിലെ പുതിയ ഗവൺമെന്റുമായി വളരെ അടുത്തു പ്രവർത്തിക്കുകയാണ് ഞങ്ങള് . ഇന്ന് ഇപ്പോൾ ഉണ്ടായ രീതിയില് ഉള്ള സംഭാഷണങ്ങളിലേക്കും ചർച്ചകളിലേക്കും നയിച്ച നിർഭാഗ്യകരമായ സാങ്കേതിക വീഴ്ച, കഴിഞ്ഞു പോയ ഒന്നാണ്. ഭൂട്ടാനുമായുള്ള നമ്മുടെ ബന്ധത്തിനു ആണ് നമ്മൾ പ്രാധാന്യം കൊടുക്കുന്നത്. .ഭൂട്ടാനിലേക്ക് ആണ് എന്റെ ആദ്യ ഉഭയകക്ഷി സന്ദർശനം എന്നത് സന്തോഷത്തോടെ നിങ്ങളെ അറിയിക്കുന്നു .ഭൂട്ടാൻ പ്രധാനമന്ത്രിയെ ഇന്ത്യ സന്ദർശിക്കുന്നതിന് നമ്മുടെ പ്രധാനമന്ത്രി ക്ഷണിച്ചിട്ടുണ്ട് എന്നത് നിങ്ങൾക്ക് അറിയാവുന്ന കാര്യം ആണല്ലോ. ഞാൻ തിംപു സന്ദർശിക്കുന്നുണ്ട്. ഭൂട്ടാൻ പ്രധാനമന്ത്രി ടോബ്ഗേയെ ഇന്ത്യയിലേക്ക് എങ്ങിനെ ഏറ്റവും അടുത്തു തന്നെ കൊണ്ടുവരാമെന്നതിനെ കുറിച്ച് നമ്മുടെ ഭൂട്ടാൻ സുഹൃത്തുക്കളുമായി ഞാൻ ചർച്ച ചെയ്യും.